കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്
തിരുവനന്തപുരം -695033

നമ്പർ:B2/2/2025-SEC തീയതി: 01-01-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

**ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ,**
തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി,
എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്
**ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ & അഡീഷണൽ സെക്രട്ടറി**
സി 01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (തിരുവനന്തപുരം)
**ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ & സെക്രട്ടറി**
ജി 17 കഠിംകുളം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം)
ജി 34 പൂവച്ചൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം)
ജി 52 പാങ്ങോട് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം)
എം 87 കൊട്ടാരക്കര മുനിസിപ്പാലിറ്റി (കൊല്ലം)
ജി 29 അഞ്ചൽ ഗ്രാമപഞ്ചായത്ത് (കൊല്ലം)
(07 അഞ്ചൽ, അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത്)
ജി 34 വെളിയം ഗ്രാമപഞ്ചായത്ത്(കൊല്ലം)
(08 കൊട്ടറ, കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്ത്)
ജി 35 പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്(കൊല്ലം)
(08 കൊട്ടറ, കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്ത്)
ജി 02 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് (കൊല്ലം)
ജി 04 ക്ലാപ്പന ഗ്രാമപഞ്ചായത്ത് (കൊല്ലം)
ജി 30 ഇടമുളക്കൽ ഗ്രാമപഞ്ചായത്ത്(കൊല്ലം)
എം 09 പത്തനംതിട്ട മുനിസിപ്പാലിറ്റി (പത്തനംതിട്ട)
ജി 13 അയിരൂർ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട)
ജി 18 പുറമറ്റം ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട)
ജി 33 കാവാലം ഗ്രാമപഞ്ചായത്ത് (ആലപ്പുഴ)
ജി 36 മുട്ടാർ ഗ്രാമപഞ്ചായത്ത് (ആലപ്പുഴ)
ജി 26 രാമപുരം ഗ്രാമപഞ്ചായത്ത് (കോട്ടയം)
ജി 30 വാത്തിക്കുടി ഗ്രാമപഞ്ചായത്ത് (ഇടുക്കി)
എം 22 മൂവാറ്റുപുഴ മുനിസിപ്പാലിറ്റി (എറണാകുളം)
ജി 18 അശമന്നൂർ ഗ്രാമപഞ്ചായത്ത് (എറണാകുളം)
ജി 21 രായമംഗലം ഗ്രാമപഞ്ചായത്ത് (എറണാകുളം)
ജി 54 പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് (എറണാകുളം)
ജി 79 പായിപ്ര ഗ്രാമപഞ്ചായത്ത് (എറണാകുളം)
ജി 07 ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ)
ജി 44 മുണ്ടൂർ ഗ്രാമപഞ്ചായത്ത് (പാലക്കാട്)
ജി 27 കരുളായി ഗ്രാമപഞ്ചായത്ത് (മലപ്പുറം)
ജി 91 തിരുനാവായ ഗ്രാമപഞ്ചായത്ത് (മലപ്പുറം)
ജി 06 പുറമേരി ഗ്രാമപഞ്ചായത്ത് (കോഴിക്കോട്)
ജി 65 പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് (കണ്ണൂർ)
ജി 25 മടിക്കൈ ഗ്രാമപഞ്ചായത്ത് (കാസർഗോഡ്)

ജി 26 കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് (കാസർഗോഡ്)

ജി 33 കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് (കാസർഗോഡ്)

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആകസ്മിക ഒഴിവുകൾ - 13-ാം ഉപതിരഞ്ഞെടുപ്പ് - വോട്ടർപട്ടിക പുതുക്കുന്നത് - സംബന്ധിച്ച്

സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ / കൗൺസിലർമാരുടെ ആകസ്മിക ഒഴിവുകൾ നികത്തുന്നതിനായി ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. അതിന് മുന്നോടിയായി ചുവടെ ചേർക്കുന്ന നിയോജക മണ്ഡലങ്ങളിലെ/ വാർഡുകളിലെ വോട്ടർ പട്ടിക പുതുക്കേണ്ടതായിട്ടുണ്ട്.

<u>പട്ടിക</u>

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ നമ്പരും പേരും | നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും | സംവരണം | വോട്ടർ പട്ടിക പുതുക്കേണ്ട വാർഡുകൾ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | സി 01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | 79 ശ്രീവരാഹം | ജനറൽ | 79 ശ്രീവരാഹം |
| 2 | തിരുവനന്തപുരം | ജി 17 കരുംകുളം ഗ്രാമപഞ്ചായത്ത് | 18 കൊച്ചുപള്ളി | ജനറൽ | 18 കൊച്ചുപള്ളി |
| 3 | തിരുവനന്തപുരം | ജി 34 പൂവച്ചൽ ഗ്രാമപഞ്ചായത്ത് | 05 പുളിങ്കോട് | ജനറൽ | 05 പുളിങ്കോട് |
| 4 | തിരുവനന്തപുരം | ജി 52 പാങ്ങോട് ഗ്രാമപഞ്ചായത്ത് | 01 പുലിപ്പാറ | ജനറൽ | 01 പുലിപ്പാറ |
| 5 | കൊല്ലം | എം 87 കൊട്ടാരക്കര മുനിസിപ്പാലിറ്റി | 20 കല്ലുവാതുക്കൽ | സ്ത്രീ | 20 കല്ലുവാതുക്കൽ |
| 6 | കൊല്ലം | ബി 16 അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത് | 07 അഞ്ചൽ | ജനറൽ | ജി 29 അഞ്ചൽ ഗ്രാമ പഞ്ചായത്തിലെ 10, 11, 12, 13, 14, 15, 16, 17, 18 എന്നീ വാർഡുകൾ |
| 7 | കൊല്ലം | ബി 17 കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്ത് | 08 കൊട്ടറ | ജനറൽ | ജി 34 വെളിയം ഗ്രാമ പഞ്ചായത്തിലെ 12, 13, 14 എന്നീ വാർഡുകൾ<br>ജി 35 പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിലെ 1, 2, 3 എന്നീ വാർഡുകൾ |
| 8 | കൊല്ലം | ജി 02 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് | 18 കൊച്ചുമാംമൂട് | സ്ത്രീ | 18 കൊച്ചുമാംമൂട് |
| 9 | കൊല്ലം | ജി 04 ക്ലാപ്പന ഗ്രാമപഞ്ചായത്ത് | 02 പ്രയാർ തെക്ക് ബി | ജനറൽ | 02 പ്രയാർ തെക്ക് ബി |
| 10 | കൊല്ലം | ജി 30 ഇടമുളക്കൽ ഗ്രാമപഞ്ചായത്ത് | 08 പടിഞ്ഞാറ്റിൻ കര | സ്ത്രീ | 08 പടിഞ്ഞാറ്റിൻ കര |
| 11 | പത്തനംതിട്ട | എം 09 പത്തനംതിട്ട മുനിസിപ്പാലിറ്റി | 15 കുമ്പഴ നോർത്ത് | സ്ത്രീ | 15 കുമ്പഴ നോർത്ത് |

| | | | | | |
|---|---|---|---|---|---|
| 12 | പത്തനംതിട്ട | ജി 13 അയിരൂർ ഗ്രാമപഞ്ചായത്ത് | 16 തടിയൂർ | സ്ത്രീ | 16 തടിയൂർ |
| 13 | പത്തനംതിട്ട | ജി 18 പുറമറ്റം ഗ്രാമപഞ്ചായത്ത് | 01 ഗ്യാലക്സി നഗർ | സ്ത്രീ | 01 ഗ്യാലക്സി നഗർ |
| 14 | ആലപ്പുഴ | ജി 33 കാവാലം ഗ്രാമപഞ്ചായത്ത് | 03 പാലോടം | ജനറൽ | 03 പാലോടം |
| 15 | ആലപ്പുഴ | ജി 36 മുട്ടാർ ഗ്രാമപഞ്ചായത്ത് | 03 മിത്രക്കരി ഈസ്റ്റ് | സ്ത്രീ | 03 മിത്രക്കരി ഈസ്റ്റ് |
| 16 | കോട്ടയം | ജി 26 രാമപുരം ഗ്രാമപഞ്ചായത്ത് | 07 ജി വി സ്കൂൾ വാർഡ് | സ്ത്രീ | 07 ജി വി സ്കൂൾ വാർഡ് |
| 17 | ഇടുക്കി | ജി 30 വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | 07 ദൈവംമേട് | സ്ത്രീ | 07 ദൈവംമേട് |
| 18 | എറണാകുളം | എം 22 മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | 13 ഈസ്റ്റ് ഹൈസ്കൂൾ വാർഡ് | സ്ത്രീ | 13 ഈസ്റ്റ് ഹൈസ്കൂൾ വാർഡ് |
| 19 | എറണാകുളം | ജി 18 അശമന്നൂർ ഗ്രാമപഞ്ചായത്ത് | 10 മേതല തെക്ക് | ജനറൽ | 10 മേതല തെക്ക് |
| 20 | എറണാകുളം | ജി 21 രായമംഗലം ഗ്രാമപഞ്ചായത്ത് | 03 മുടിക്കരായി | ജനറൽ | 03 മുടിക്കരായി |
| 21 | എറണാകുളം | ജി 54 പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | 10 പനങ്കര | ജനറൽ | 10 പനങ്കര |
| 22 | എറണാകുളം | ജി 79 പായിപ്ര ഗ്രാമപഞ്ചായത്ത് | 10 നിരപ്പ് | സ്ത്രീ | 10 നിരപ്പ് |
| 23 | തൃശ്ശൂർ | ജി 07 ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | 11 മാന്തോപ്പ് | സ്ത്രീ | 11 മാന്തോപ്പ് |
| 24 | പാലക്കാട് | ജി 44 മുണ്ടൂർ ഗ്രാമപഞ്ചായത്ത് | 12 കീഴ്പാടം | ജനറൽ | 12 കീഴ്പാടം |
| 25 | മലപ്പുറം | ജി 27 കരുളായി ഗ്രാമപഞ്ചായത്ത് | 12 ചക്കിട്ടാമല | പട്ടികജാതി | 12 ചക്കിട്ടാമല |
| 26 | മലപ്പുറം | ജി 91 തിരുനാവായ ഗ്രാമപഞ്ചായത്ത് | 08.എടക്കുളം ഈസ്റ്റ് | ജനറൽ | 08.എടക്കുളം ഈസ്റ്റ് |
| 27 | കോഴിക്കോട് | ജി 06 പുറമേരി ഗ്രാമപഞ്ചായത്ത് | 14 കുഞ്ഞല്ലൂർ | ജനറൽ | 14 കുഞ്ഞല്ലൂർ |
| 28 | കണ്ണൂർ | ജി 65 പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് | 03 താഴെ ചമ്പാട് | ജനറൽ | 03 താഴെ ചമ്പാട് |
| 29 | കാസർഗോഡ് | ജി 25 മടിക്കൈ ഗ്രാമപഞ്ചായത്ത് | 08 കോളിക്കുന്ന് | സ്ത്രീ | 08 കോളിക്കുന്ന് |
| 30 | കാസർഗോഡ് | ജി 26 കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് | 05 അയറോട്ട് | സ്ത്രീ | 05 അയറോട്ട് |
| 31 | കാസർഗോഡ് | ജി 33 കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് | 07 പള്ളിപ്പാറ | ജനറൽ | 07 പള്ളിപ്പാറ |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും, കേരള മുനിസിപ്പാലിറ്റി ആക്ടിലേയും, സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി മേൽപ്പറഞ്ഞ വാർഡുകളിലെ/നിയോജകമണ്ഡലങ്ങളിലെ വോട്ടർപട്ടിക പുതുക്കുന്നതിന് അതാത് ഇലക്ടറൽ രജിസ്ട്രേഷൻ

ഓഫീസർമാരോട് നിർദ്ദേശിക്കുന്നു.

- വോട്ടർപട്ടിക പുതുക്കുന്ന നടപടി തുടങ്ങും മുൻപ് പ്രസ്തുത നിയോജക മണ്ഡല/ വാർഡിലെ പട്ടിക പുതുക്കുന്നതിനെതിരെ എന്തെങ്കിലും കോടതി തീർപ്പുകളോ മറ്റ നിർദ്ദേശങ്ങളോയില്ലെന്ന് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ/ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം ഉപതിരഞ്ഞെടുപ്പിന് വേണ്ടി മേൽ പട്ടികയിൽ കൊടുത്തിട്ടുള്ള ഒഴിവുവന്ന നിയോജകമണ്ഡല/വാർഡുകളും സംവരണം ഉൾപ്പെടെയുള്ള അവയുടെ മറ്റ് വിശദാംശങ്ങളും ശരിയാണെന്ന് ഉറപ്പുവരുത്തണം.

- വോട്ടർപട്ടിക തയ്യാറാക്കുന്ന കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇക്കാര്യത്തിൽ മതിയായ പ്രചാരണം നൽകുന്നതിനാവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർ മുഖേന സ്വീകരിക്കേണ്ടതും അത് ഉറപ്പാക്കേണ്ടതുമാണ്.

- <u>**വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതി 01.01.2025 ആണ്.**</u> യോഗ്യതാ തീയതിയായി നിശ്ചയിച്ചിട്ടുള്ള **2025 ജനുവരി 1-ാം** തീയതിയോ **അതിനുമുമ്പോ 18 വയസ് തികഞ്ഞവരെ മാത്രമേ** വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ പാടുള്ളു. ഇക്കാര്യം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഉറപ്പാക്കേണ്ടതാണ്.

- 2024-ൽ സമ്മറി റിവിഷൻ നടത്തി പ്രസിദ്ധീകരിച്ചതോ അതിന് ശേഷം നടന്ന ഉപതിരഞ്ഞെടുപ്പിൽ ഉപയോഗിച്ചതോ ആയ വോട്ടർപട്ടിക അടിസ്ഥാനമാക്കി വേണം കരട് വോട്ടർപട്ടിക തയ്യാറാക്കേണ്ടത്.

- നിലവിലുള്ള വോട്ടർപട്ടികയുടെ അടിസ്ഥാനപട്ടികയും സപ്ലിമെന്ററി പട്ടികകളും സംയോജിപ്പിച്ചു കൊണ്ടുള്ള ഏകീകൃത വോട്ടർപട്ടിക കമ്മീഷന്റെ **www.sec.kerala.gov.in** വെബ് സൈറ്റിൽ ലഭ്യമാണ്. അവയിൽ അപാകതകൾ ഇല്ലെന്ന് ഉറപ്പാക്കിവേണം ഡൗൺലോഡ് ചെയ്ത് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കേണ്ടത്.

- കരട് വോട്ടർപട്ടികയും അതു സംബന്ധിച്ച 3-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസും ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭാ ഓഫീസിലും അതാത് ബ്ലോക്ക് ആസ്ഥാനത്തും വില്ലേജാഫീസിലും താലൂക്കാഫീസിലും **03.01.2025 (വെള്ളി)** -ൽ പ്രസിദ്ധപ്പെടുത്തണം. ബ്ലോക്ക് നിയോജകമണ്ഡലങ്ങളെ സംബന്ധിച്ച കരട് വോട്ടർ പട്ടിക അതാത് ബ്ലോക്ക്, പഞ്ചായത്ത് ആസ്ഥാനത്തുംകൂടി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നുള്ള രേഖ ബന്ധപ്പെട്ട ആഫീസ് തലവൻമാരിൽ നിന്നും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരിൽ നിന്നും വാങ്ങി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ പ്രസ്തുത സാക്ഷ്യപത്രം അന്നേ ദിവസം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കണം.

- കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം മരണപ്പെട്ടവരുടെ പേരുവിവരം ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചും അന്വേഷണം നടത്തിയും ഉറപ്പുവരുത്തിയശേഷം അപ്രകാരമുള്ള പേരു വിവരവും മറ്റ് വിശദാംശങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം പ്രസിദ്ധപ്പെടുത്തി 7(ഏഴ്) ദിവസത്തിനുശേഷം ഇക്കാര്യം സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പോ അഭിപ്രായമോ ആക്ഷേപമോ ലഭിക്കാത്തപക്ഷം, മരണപ്പെട്ട ആളുടെ പേരു വിവരം, നിലവിലുള്ള വോട്ടർപട്ടികയിൽ നിന്നും തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ സ്വമേധയാ നീക്കം ചെയ്യേണ്ടതുമാണ്.

- വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷകളും **(ഫാറം 4)** വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പുകളെ സംബന്ധിച്ച ആക്ഷേപങ്ങളും **(ഫാറം 6)** ഒരു പോളിംഗ് സ്റ്റേഷനിൽ നിന്നും മറ്റൊരു പോളിംഗ് സ്റ്റേഷനിലേയ്ക്കോ ഒരു നിയോജകമണ്ഡല/വാർഡിൽ നിന്നും മറ്റൊരു നിയോജകമണ്ഡല/വാർഡിലേയ്ക്കോ ഉള്ള സ്ഥാനമാറ്റം സംബന്ധിച്ച അപേക്ഷകളും **(ഫാറം 7)** ഓൺലൈനായി വേണം സ്വീകരിയ്ക്കേണ്ടത്. എന്നാൽ പേര് ഒഴിവാക്കുന്നത് സംബന്ധിച്ച **(ഫാറം 5)** ആക്ഷേപങ്ങൾ ഓൺലൈനിൽ രജിസ്റ്റർ ചെയ്ത ശേഷം അവയുടെ പ്രിന്റൗട്ടിൽ ഒപ്പ് രേഖപ്പെടുത്തിയോ അല്ലെങ്കിൽ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാതെ തന്നെ ഫാറം 5 പൂരിപ്പിച്ച് ഒപ്പിട്ടോ ആക്ഷേപകർക്ക് നേരിട്ടോ തപാലിലൂടെയോ നിർദ്ദിഷ്ട സമയപരിധിയിൽ സമർപ്പിക്കാവുന്നതാണ്. ഈ വിധം

സമർപ്പിക്കപ്പെടുന്ന എല്ലാ ആക്ഷേപങ്ങളിലും തുടർ നടപടി യഥാസമയം സ്വീകരിയ്ക്കേണ്ടതാണ്. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തനിക്ക് യഥാവിധി ലഭിക്കുന്ന ഓരോ അവകാശവാദവും ആക്ഷേപവും സംബന്ധിക്കുന്ന വിവരങ്ങൾ അതാത് സംഗതിപോലെ 9, 10, 11 നമ്പർ ഫോറങ്ങളിൽ ഡ്യൂപ്ലിക്കേറ്റായി സൂക്ഷിക്കേണ്ടതും, അത്തരം ലിസ്റ്റുകളുടെ ഓരോ കോപ്പി പ്രസ്തുത ആക്ഷേപങ്ങളിലും അവകാശവാദങ്ങളിലും തീർപ്പ് കൽപിക്കുന്നതുവരെ പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

- മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ/ആക്ഷേപങ്ങൾ പരിശോധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർനടപടി യഥാസമയം സ്വീകരിക്കേണ്ടതാണ്. **ഓൺലൈൻ അപേക്ഷകളിൻമേൽ നടപടി എടുക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.**

- മുൻ അപ്പീൽ തീരുമാനങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അതുംകൂടി ഉൾപ്പെടുത്തി അന്തിമ വോട്ടർ പട്ടിക **ഫാറം 16** -ൽ 28.01.2025 (ചൊവ്വ) കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച സ്ഥലങ്ങളിൽ പ്രസിദ്ധീകരിക്കണം. അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന കാര്യം ഉറപ്പ് വരുത്തി അന്നേ ദിവസം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ തദ്ദേശസ്ഥാപനങ്ങൾ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

- **ഉപതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്ക് പ്രവാസി ഭാരതീയരുടെ ഫാറം 4എ അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് അവർക്കുള്ള വോട്ടർപട്ടിക പ്രത്യേകം തയ്യാറാക്കേണ്ടതാണ്. ഇതിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷകൾ കമ്മീഷന്റെ www.sec.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിർദ്ദിഷ്ട തീയതിക്കകം നേരിട്ടോ തപാലിലൂടെയോ ഒപ്പ് രേഖപ്പെടുത്തി ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളുടെ പകർപ്പുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് അന്തിമ പട്ടിക തയ്യാറാക്കേണ്ടതും അവ യഥാവിധി പ്രസിദ്ധീകരിക്കുന്നതിനൊപ്പം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ഔദ്യോഗിക വെബ് സൈറ്റിൽ കൂടി പ്രസിദ്ധീകരിക്കേണ്ടതാണ്.**

- കരട് വോട്ടർപട്ടികയുടെയും അന്തിമ വോട്ടർപട്ടികയുടെയും അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം കൂട്ടിച്ചേർക്കലുകളോ, ഒഴിവാക്കലുകളോ തിരുത്തലുകളോ വരുത്തുകയാണെങ്കിൽ പ്രസ്തുത പട്ടികകളുടേയും രണ്ടു പകർപ്പുകൾ വീതം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടുള്ള ദേശീയ രാഷ്ട്രീയ പാർട്ടികൾക്കും കേരള സംസ്ഥാന രാഷ്ട്രീയ പാർട്ടികൾക്കും സൗജന്യമായി നൽകേണ്ടതാണ്. പ്രസ്തുത വോട്ടർപട്ടികകളുടെ രണ്ടുപ്രതികൾ വീതം കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികൾക്കും അവർ ആവശ്യപ്പെടുന്ന പക്ഷം സൗജന്യമായി നൽകേണ്ടതാണ്. മറ്റുള്ളവർക്ക് പേജ് ഒന്നിന് രൂപ 3+GST എന്ന നിരക്കിൽ വിലയ്ക്ക് നൽകാവുന്നതാണ്.

- വോട്ടർപട്ടികയുടെ പുതുക്കലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന എല്ലാ അപേക്ഷകളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അവരുടെ തീരുമാനങ്ങൾ രേഖപ്പെടുത്തേണ്ടതും പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ബന്ധപ്പെട്ട അപേക്ഷകർക്കും ആക്ഷേപകർക്കും രേഖാമൂലം കൈമാറേണ്ടതും പുതുക്കൽ പ്രക്രിയ ആരംഭിക്കുന്നത് മുതൽ അന്തിമമാക്കുന്നതുവരെയുള്ള നടപടിക്രമങ്ങളുടെ രേഖകൾ ക്രമനമ്പറിട്ട് ഫയലായി സൂക്ഷിച്ചുപോരേണ്ടതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഏതു സമയത്തുമുള്ള പരിശോധനകൾക്കും അവ വിധേയമാക്കേണ്ടതുമാണ്.

- പ്രസിദ്ധീകരിക്കുന്നതിനായി ERMS (Electoral Roll Management System) - സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന അന്തിമ വോട്ടർ പട്ടികയിൽ കൂട്ടിചേർക്കലുകൾ, തിരുത്തലുകൾ, ഒഴിവാക്കലുകൾ എന്നീ സപ്ലിമെന്ററി പട്ടികകൾ ജനറേറ്റ് ചെയ്ത് വന്നിട്ടുണ്ടോയെന്നും കൂട്ടിചേർക്കലുകൾക്ക് കരട് പട്ടികയ്ക്കുശേഷമുള്ള തുടർച്ചയായ ക്രമനമ്പറുകൾ വന്നിട്ടുണ്ടോയെന്നും അതോടൊപ്പം, വീട്ടു നമ്പർ, ഫോട്ടോ എന്നിവ ഉൾപ്പെട്ടിട്ടുണ്ടെയെന്നും എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരും പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
- അപേക്ഷകർ, ആക്ഷേപകർ ഉന്നയിച്ചിട്ടുള്ള അവകാശ വാദങ്ങളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ

രജിസ്ട്രേഷൻ ഓഫീസർ കൈക്കൊള്ളുന്ന ഏതൊരു തീരുമാനത്തിനുമെതിരെ അതത് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ (അപ്പലേറ്റ് ആഫീസർ) മുമ്പാകെ അവർക്ക് ചട്ടപ്രകാരം അപ്പീൽ സമർപ്പിക്കാൻ കഴിയുന്നതാണ്.

- നേരിട്ടുള്ള ഹിയറിംഗിൽ ഹാജരാകാൻ സാധിക്കാത്തവരാണെന്ന് കാണുന്ന പക്ഷം അത്തരം അപേക്ഷകർക്ക് ഉചിതമായ ഓൺലൈൻ മാർഗ്ഗങ്ങൾ മുഖേന ആവശ്യമുള്ളപക്ഷം ഹിയറിംഗ് നടത്തുന്നതിനുള്ള രീതി അവലംബിക്കേണ്ടതും ഇ-മെയിലായോ മറ്റ് രീതിയിലോ ലഭ്യമാകുന്ന ഒപ്പ് രേഖപ്പെടുത്തിയ അപേക്ഷകളും രേഖകളും സ്വീകരിച്ച് അപേക്ഷയിലെ നിജസ്ഥിതി ബോധ്യപ്പെട്ട് പട്ടികയിൽ പേരുൾപ്പെടുത്താനുള്ള നടപടികൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

- സ്വതന്ത്രവും നീതിപൂർവ്വകവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് വോട്ടർപട്ടികയുടെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നതിനാൽ പട്ടിക പുതുക്കൽ പ്രക്രിയയിൽ നടപടിക്രമങ്ങൾ എല്ലാം പാലിക്കേണ്ടതും അനർഹരായ വോട്ടർമാർ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും അർഹരായ വോട്ടർമാർ ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഔദ്യോഗിക കർത്തവ്യലംഘനം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 28-ാം വകുപ്പോ, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 84 എ വകുപ്പോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

- <u>കമ്മീഷൻ കാലാകാലങ്ങളിൽ സ്ഥാനാർത്ഥിയാകുന്നതിന് അയോഗ്യത കൽപ്പിച്ചവരിൽ നിലവിൽ അയോഗ്യതയുള്ളവർ മേൽപ്പറഞ്ഞപ്രകാരം തയ്യാറാക്കുന്ന വോട്ടർപട്ടികയിൽ ഉൾപ്പെട്ടുവരുന്നെങ്കിൽ അത്തരം പേരുകൾക്ക് നേരെ പ്രത്യേക അടയാളം (*) രേഖപ്പെടുത്തേണ്ടതും അത്തരം ആളുകളുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി അന്തിമപട്ടികയോടൊപ്പം വരണാധികാരിക്ക് നൽകേണ്ടതുമാണ്.</u>

ഈ അറിയിപ്പ് ലഭിച്ചാലുടൻതന്നെ തിരഞ്ഞെടുപ്പ നടക്കുന്ന വാർഡുകളുടെ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ, ജില്ലാ ഇൻഫർമേഷൻ ആഫീസർ, അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ലാ ജോയിന്റ് ഡയറക്ടർ എന്നിവരുടെ ഒരു യോഗം കളക്ടറേറ്റിൽ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ വിളിച്ചുകൂട്ടേണ്ടതും വോട്ടർപട്ടിക പുതുക്കുന്നതിന്റെ നടപടിക്രമങ്ങൾ മുൻകൂർ നിശ്ചയിച്ച് കാര്യപരിപാടി തയ്യാറാക്കേണ്ടതുമാണ്. പ്രസ്തുത യോഗതീയതി തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

<u>ഉപതിരഞ്ഞെടുപ്പിനുള്ള പോളിംഗ് സ്റ്റേഷനുകൾക്കോ വോട്ടെണ്ണൽ കേന്ദ്രത്തിനോ മാറ്റം ആവശ്യമുണ്ടോയെന്ന കാര്യം പരിശോധിച്ച് അതാവശ്യമെങ്കിൽ നടപടിക്രമങ്ങൾ പാലിച്ച് അതിനുള്ള ശുപാർശകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട പ്രൊഫോർമ 1, 2 എന്നിവയിൽ ബന്ധപ്പെട്ട രേഖകളും ശുപാശയും സഹിതം ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ 18.01.2025 ന് മുമ്പ് അനുമതിക്കായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.</u>

<u>വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള സമയക്രമം</u>

| | | |
|---|---|---|
| കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | : | **03.01.2025 (വെള്ളി)** |
| അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന അവസാന തീയതി | : | **18.01.2025 (ശനി)** |

| | | |
|---|---|---|
| ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർ നടപടി സ്വീകരിച്ച് അപ്ഡേഷൻ പൂർത്തിയാക്കൽ | : | **27.01.2025 (തിങ്കൾ)** |
| അന്തിമവോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | : | **28.01.2025 (ചൊവ്വ)** |

വിശ്വസ്തതയോടെ,

GEETHA JR
SENIOR ADMINISTRATIVE OFFICER
**സെക്രട്ടറിക്കു വേണ്ടി**

പകർപ്പ് :

**ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, കേരള സർക്കിൾ,**
(അറിവിലേയ്ക്കും ആവശ്യമായ സാങ്കേതിക സഹായത്തിനുമായി)

**വരണാധികാരി,**

സി 01 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (തിരുവനന്തപുരം)
ജി 17 കരുംകുളം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം)
ജി 34 പൂവച്ചൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം)
ജി 52 പാങ്ങോട് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം)
എം 87 കൊട്ടാരക്കര മുനിസിപ്പാലിറ്റി (കൊല്ലം)
ബി 16 അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത് (കൊല്ലം)
ബി 17 കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്ത് (കൊല്ലം)
ജി 02 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് (കൊല്ലം)
ജി 04 ക്ലാപ്പന ഗ്രാമപഞ്ചായത്ത് (കൊല്ലം)
ജി 30 ഇടമുളക്കൽ ഗ്രാമപഞ്ചായത്ത്(കൊല്ലം)
എം 09 പത്തനംതിട്ട മുനിസിപ്പാലിറ്റി (പത്തനംതിട്ട)
ജി 13 അയിരൂർ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട)
ജി 18 പുറമറ്റം ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട)
ജി 33 കാവാലം ഗ്രാമപഞ്ചായത്ത് (ആലപ്പുഴ)
ജി 36 മുട്ടാർ ഗ്രാമപഞ്ചായത്ത് (ആലപ്പുഴ)
ജി 26 രാമപുരം ഗ്രാമപഞ്ചായത്ത് (കോട്ടയം)
ജി 30 വാത്തിക്കുടി ഗ്രാമപഞ്ചായത്ത് (ഇടുക്കി)
എം 22 മൂവാറ്റുപുഴ മുനിസിപ്പാലിറ്റി (എറണാകുളം)
ജി 18 അശമന്നൂർ ഗ്രാമപഞ്ചായത്ത് (എറണാകുളം)
ജി 21 രായമംഗലം ഗ്രാമപഞ്ചായത്ത് (എറണാകുളം)
ജി 54 പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് (എറണാകുളം)
ജി 79 പായിപ്ര ഗ്രാമപഞ്ചായത്ത് (എറണാകുളം)
ജി 07 ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ)
ജി 44 മുണ്ടൂർ ഗ്രാമപഞ്ചായത്ത് (പാലക്കാട്)
ജി 27 കരുളായി ഗ്രാമപഞ്ചായത്ത് (മലപ്പുറം)
ജി 91 തിരുനാവായ ഗ്രാമപഞ്ചായത്ത് (മലപ്പുറം)
ജി 06 പുറമേരി ഗ്രാമപഞ്ചായത്ത് (കോഴിക്കോട്)
ജി 65 പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് (കണ്ണൂർ)
ജി 25 മടിക്കൈ ഗ്രാമപഞ്ചായത്ത് (കാസർഗോഡ്)
ജി 26 കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് (കാസർഗോഡ്)
ജി 33 കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് (കാസർഗോഡ്)

**ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ,**
തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്

**തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ(അപ്പീൽ ആഫീസർ)**

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്

**അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്,**
ഗവണ്മെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

**പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം**
(ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ സ്ഥലംമാറ്റം ഒഴിവാക്കുന്നതിനായി)

അഡീഷണൽ സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ, തിരുവനന്തപുരം
സെക്രട്ടറി, അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത്
സെക്രട്ടറി, കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്ത്

കമ്മീഷനിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
(അറിവിലേക്കും തുടർനടപടികൾക്കുമായി)
പി.ആർ.ഒ., സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, (പത്ര വാർത്ത നൽകുന്നതിനായി)
കമ്പ്യൂട്ടർ പ്രോഗ്രാമർ/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ (ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുന്നതിനായി)
കമ്മീഷണറുടെ പി.എസ്.
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ.
ഫയൽ/സ്റ്റോക്ക് ഫയൽ

# അനുബന്ധം

## ഇലക്ടറല് രജിസ്ട്രേഷൻ ഓഫീസര്മാർ ഓൺലൈൻ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

1. സംസ്ഥാനത്തെ 31 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഉടൻ നടത്തുന്ന ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് മുന്നോടിയായി ഫോട്ടോ പതിച്ച വോട്ടർ പട്ടികയുടെ കരട് 03.01.2025 ല് പ്രസിദ്ധീകരിക്കാൻ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസര്മാര്ക്ക് കമ്മീഷൻ നിര്ദ്ദേശം നല്കിയിട്ടുണ്ട്.

2. **www.sec.kerala.gov.in** എന്ന സൈറ്റിലാണ് വോട്ടര്പട്ടിക പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത്.

3. കരട് വോട്ടർ പട്ടിക സംബന്ധിച്ച അവകാശവാദങ്ങളും ആക്ഷേപങ്ങളും അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസര്മാർ 03.01.2025 മുതൽ 18.01.2025, 5 pm വരെ സ്വീകരിക്കേണ്ടതാണ്.

4. അപേക്ഷകന് കമ്മീഷന്റെ www.sec.kerala.gov.in എന്ന സൈറ്റിലാണ് ഓൺലൈൻ അപേക്ഷകള് അയക്കേണ്ടത്.

5. വോട്ടർ പട്ടികയിൽ പേര് ഉള്പ്പെടുത്തുന്നതിനും (ഫാറം 4) ഉള്ക്കുറിപ്പുകളിൽ തിരുത്തലുകൾ വരുത്തുന്നതിനും (ഫാറം 6) പേരു വിവരം ഒരു ഭാഗത്ത് നിന്ന് മറ്റൊരു ഭാഗത്തേയ്ക്കോ വാര്ഡിലേയ്ക്കോ മാറ്റുന്നതിനും (ഫാറം 7) ഉള്ള അപേക്ഷകള്/ ആക്ഷേപങ്ങള് ഓൺലൈനിലൂടെ മാത്രം സ്വീകരിക്കേണ്ടതാണ്.

6. ഓൺലൈന് അപേക്ഷകൾ അയയ്ക്കുമ്പോൾ തന്നെ അപേക്ഷകന് നേര്വിചാരണയ്ക്കുള്ള നോട്ടീസ് (യഥാക്രമം ഫാറം 12, 15, 15എ) ലഭിക്കും.

7. വോട്ടർ പട്ടികയിൽ പേര് ഉള്പ്പെടുത്തുന്നത് അല്ലെങ്കിൽ ഉള്പ്പെടുത്തിയത് സംബന്ധിച്ച ആക്ഷേപങ്ങള് ഫാറം 5-ല് ഓൺലൈനായി രജിസ്റ്റർ ചെയ്ത് ഒപ്പിട്ട് ലഭ്യമാക്കുന്ന പ്രിന്റ് ഔട്ട് നേരിട്ടോ തപാലിലൂടെയോ വേണം സ്വീകരിക്കേണ്ടത്. ഓൺലൈനിൽ രജിസ്റ്റർ ചെയ്യാതെ ലഭ്യമാക്കുന്ന ഫാറം 5 ഉം സ്വീകരിക്കേണ്ടതാണ്.അവ User എൻട്രി വരുത്തേണ്ടതാണ്.

8. ഫാറം 5-ലെ ആക്ഷേപങ്ങള്ക്ക് ആക്ഷേപകന് ഫാറം 13-ലും ആര്ക്കെതിരെയാണോ ആക്ഷേപം ഉന്നയിക്കുന്നത് അയാള്ക്ക് ഫാറം 14-ലും നേര്വിചാരണക്കുള്ള നോട്ടീസ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസര്മാർ നിലവിലെ രീതിയനുസരിച്ച് നല്കണം.

9. ഓരോദിവസവും ഓൺലൈനിലൂടെ ലഭിക്കുന്ന അപേക്ഷകളുടെയും/ആക്ഷേപങ്ങളുടേയും ലിസ്റ്റുകള് (ഫാറം 9, 11) പ്രിന്റ് എടുത്ത് പ്രസിദ്ധീകരിക്കേണ്ടതാണ് . [Admin ID → Menu → (Download Form 9, Form 11) → Date → Form 9/Form 11→ List → Print].

10. ഫാറം 5, 8 എന്നിവയിൽ നേരിട്ട് ലഭിക്കുന്ന ആക്ഷേപങ്ങളുടെ ലിസ്റ്റ് ഫാറം 10-ല് തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

11. ഓരോദിവസവും നേര്വിചാരണയ്ക്ക് അപേക്ഷകർ ഹാജരാകുന്ന മുറയ്ക്ക് അവരുടെ അപേക്ഷ പരിശോധിക്കുന്നതിനും പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും സെക്ഷൻ ക്ലാര്ക്കിനെ (User ID) ചുമതലപ്പെടുത്തേണ്ടതാണ്.

12. അപേക്ഷകര് നേര്വിചാരണയ്ക്ക് ഹാജരാകുന്ന മുറയ്ക്ക് ലിസ്റ്റ് ചെയ്തിട്ടുള്ള ഓരോ അപേക്ഷയും <u>User വിശദമായി പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തേണ്ടതുമാണ്. തുടര്ന്ന് അവയുടെ പ്രിന്റ് എടുത്ത് അതിൽ അപേക്ഷകന്റെ ഒപ്പ് വാങ്ങേണ്ടതാണ്. പേര് ഉള്പ്പെടുത്തുന്നതിനുള്ള അപേക്ഷയിൽ അപേക്ഷകന്റെ ഫോട്ടോ അപ്ലോഡ് ചെയ്തിട്ടില്ലെങ്കിൽ, പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ വാങ്ങി അപ്ലോഡ് ചെയ്യേണ്ടതും അപേക്ഷയിൽ ഒട്ടിക്കേണ്ടതുമാണ്</u>. [User ID → Addition Management/Correction Management/ P.S Change Management → List → Select Voter → Verify and Correction → Upload Photo ( if needs) → Save and Print → Forward to Admin for Confirmation].

13. യൂസര് Confirm ചെയ്ത് അയക്കുന്ന അപേക്ഷകൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസര്ക്ക് Admin Menu -ല് ലഭ്യമാകും.

14. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസര്മാർ (Admin ID) പ്രസ്തുത അപേക്ഷകള് ബന്ധപ്പെട്ട രേഖകളുമായി പരിശോധിക്കണം. ആവശ്യമെങ്കില്, തുടർ അന്വേഷണം നടത്തുകയും വേണം. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, ഇലക്ടറല് രജിസ്ട്രേഷൻ ചട്ടങ്ങൾ എന്നിവയിലെ നിയമങ്ങള്ക്കും വ്യവസ്ഥകള്ക്കും വിധേയമായി അപേക്ഷ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. തുടര്ന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസര്മാർ പ്രസ്തുത അപേക്ഷയുടെ പ്രിന്റിലും ഓൺലൈനിലും ആവശ്യമായ എന്ട്രി വരുത്തണം. [Admin ID → Addition Management/Correction Management/ P.S Change Management → (select voter) → Confirm → Confirm Save & Print → Enroll in the Electoral Roll/Reject ].

15. പേര് ഉള്പ്പെടുത്തുമ്പോൾ അപേക്ഷിക്കുന്ന ഒരാൾ മറ്റേതെങ്കിലും തദ്ദേശസ്വയം ഭരണസ്ഥാപനത്തിലെ വോട്ടറാണെങ്കിൽ, ആ ജില്ലയുടെ പേരും തിരിച്ചറിയല്കാര്ഡ് നമ്പരും കൂടി അപേക്ഷയില് രേഖപ്പെടുത്തേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു വോട്ടറുടെ പേര് ചേര്ക്കുമ്പോൾ നിലവിലുള്ള പേരുവിവരം ഒഴിവാക്കുന്നതിന് ആ സ്ഥാപനത്തിലെ ഇലക്ടറല് രജിസ്ട്രേഷൻ ഓഫീസര്മാര്ക്ക് ഓൺലൈൻ നിര്ദ്ദേശം നല്കണം. [Admin ID → Deletion Request → (select voter) Make Delete Request → Confirm Delete Request]. അതോടൊപ്പം പ്രസ്തുത വിവരം ഇ-മെയിൽ ആയി അറിയിക്കുകയും വേണം.

16. മേല്പ്പറഞ്ഞ പ്രകാരം ഒരു വോട്ടറുടെ പേര് ഒഴിവാക്കുന്നതിനുള്ള നിര്ദ്ദേശം മറ്റൊരു തദ്ദേശസ്വയം ഭരണസ്ഥാപനത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറിൽ നിന്നും ലഭിച്ചാല്, പ്രസ്തുത വോട്ടറുടെ പേര് ആ പട്ടികയിൽ നിന്നും ഓൺലൈനിലൂടെ ഒഴിവാക്കേണ്ടതാണ്. [Admin ID → (select voter) Process Deletion Request → Confirm Deletion].

17. ഫാറം 5- ൽ ലഭിക്കുന്ന ആക്ഷേപങ്ങൾ നേർവിചാരണയ്ക്കും തുടർ അന്വേഷണത്തിനും ശേഷം

അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. അവ അംഗീകരിക്കുന്ന പക്ഷം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓൺലൈനിലൂടെ ആവശ്യമായ എന്‍ട്രി വരുത്തേണ്ടതാണ്. [User ID → Form 5, 8 Deletion → Ward→ P.S→ Sl. No. of Voter → Submit.][Admin ID → Confirm For 5, 8→ List→ Select→ Confirm]

18. അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടിവിവരം അപേക്ഷകനെ നേരിട്ടോ തപാലിലൂടെയോ അറിയിക്കേണ്ടതാണ്.

19. പുതിയതായി പേര് ഉള്പ്പെടുത്തുന്നവര്ക്ക് കമ്മീഷൻ നിര്ദ്ദേശിച്ചിട്ടുള്ള മാതൃകയിലുള്ള ഒരു തിരിച്ചറിയല് രേഖ നേരിട്ടോ രജിസ്റ്റേര്ഡ് തപാലിലൂടെയോ നല്കേണ്ടതാണ്.

പ്രൊഫോർമ–1

## പുതിയ പോളിംഗ് സ്റ്റേഷനുകളുടെ പ്രോപ്പോസൽ

(രാഷ്ട്രീയകക്ഷികളുടെ യോഗത്തിന്റെ മിനിറ്റ്സ് സഹിതം നൽകേണ്ടത്)

ജില്ല :

| മാറ്റം ആവശ്യമുള്ള പോളിംഗ് സ്റ്റേഷന്റെ വിവരം | | | | പുതിയതായി നിശ്ചയിക്കേണ്ട പോളിംഗ് സ്റ്റേഷന്റെ വിവരം | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | തദ്ദേശസ്ഥാപനത്തിന്റെ നമ്പരും പേരും | വാർഡ് നമ്പരും പേരും | പോളിംഗ് സ്റ്റേഷന്റെ നമ്പരും പേരും | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പേര് | കെട്ടിടത്തിന്റെ തരം | തറ വിസ്തീർണ്ണം | വാതിലുകളുടെ എണ്ണം | പൊതു/ സ്വകാര്യ കെട്ടിടം | വൈദ്യുതി(Y/N) | കുടിവെള്ളം(Y/N) | ടോയ്ലെറ്റ്(Y/N) | ഫർണിച്ചർ(Y/N) | യാത്രാ സൗകര്യം(Y/N) | നിലവിലെ പോളിംഗ് സ്റ്റേഷനിൽ നിന്നുള്ള അകലം(ച.മി) | മാറ്റത്തിനുള്ള കാരണം |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |

സെക്രട്ടറി/ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ

<u>പ്രൊഫോർമ–2</u>

**<u>വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ മാറ്റത്തിനുള്ള പ്രൊപ്പോസൽ</u>**

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നമ്പരും പേരും | നിലവിലുള്ള, സ്ട്രോങ് റൂം, വിതരണ സ്വീകരണ വോട്ടെണ്ണൽ കേന്ദ്രത്തിന്റെ പേര് | പുതുതായി ശുപാർശ ചെയ്യുന്ന സ്ട്രോങ് റൂം, വിതരണ സ്വീകരണ വോട്ടെണ്ണൽ കേന്ദ്രത്തിന്റെ പേര് | മാറ്റത്തിനുള്ള കാരണം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

വരണാധികാരി/ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ